"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽഅഫിലിയേറ്റ് ചെയ്തിട്ടുള്ള വായനശാലകളുടെ അധീനതയിലുള്ള സ്ഥലത്ത് സ്റ്റേഡിയം, കളിസ്ഥലം, ഓപ്പൺ ജിം, കളിയുപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ട് ഏറ്റെടുക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.495/2025/LSGD തീയതി,തിരുവനന്തപുരം, 18-02-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. കളരിപ്പറമ്പ് ഗ്രാമീണ വായനശാല ഭാരവാഹികൾ സമർപ്പിച്ച 09.09.2024 ലെ അപേക്ഷ
4. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറിയുടെ 31.01.2025ലെ KSLC/45/2025-C3 നമ്പർ കത്ത്

**ഉത്തരവ്**

ഗ്രാമപഞ്ചായത്തുകളിലും നഗരഭരണസ്ഥാപനങ്ങളിലും ഒരു മിനിസ്റ്റേഡിയവും ഒരു വാർഡിൽ ഒരു കളിസ്ഥലവും എന്നത് പതിനാലാം പഞ്ചവത്സരപദ്ധതിയിലെ ഒരു പ്രധാന ലക്ഷ്യമാണ്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പരാമർശിത മാർഗ്ഗരേഖ ഉത്തരവുകളുടെ ഖണ്ഡിക 8.11(2) പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റേഡിയം/കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യത പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് വിഘാതം സൃഷ്ടിക്കുന്ന ഒരു പ്രധാന ഘടകമാണ് എന്നത് വസ്തുതയാണ്.

2. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വായനശാലകളുടെ ഭൗതിക സാഹചര്യ വർദ്ധനവിന് തുക വകയിരുത്താൻ അനുമതിയുണ്ടെങ്കിലും, അഫിലിയേറ്റഡ് വായനശാലകളുടെ അധീനതയിലുള്ള കളിസ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കും കളി ഉപകരണങ്ങൾക്കും സ്റ്റേഡിയങ്ങൾ, ഓപ്പൺ ജിം മുതലായവ നിർമ്മിക്കുന്നതിനും തുക വകയിരുത്താൻ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ല എന്നും, അതിനാൽ വായനശാലകളുടെ അധീനതയിലുള്ള സ്ഥലത്ത് കളിസ്ഥലങ്ങളുടെ നിർമ്മാണത്തിന് സഹായകമാകുംവിധം മാർഗരേഖയിൽ ഉൾപ്പെടുത്തൽ വരുത്തണമെന്നും കളരിപ്പറമ്പ് ഗ്രാമീണ വായനശാല ഭാരവാഹികൾ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വായനശാലകളുടെ ഭൗതിക സാഹചര്യ വർദ്ധനവിന് വകയിരുത്തുന്ന തുക, ഗ്രന്ഥശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിർമാണപ്രവർത്തനങ്ങൾക്കും കളി ഉപകരണങ്ങൾക്കും, സ്റ്റേഡിയങ്ങൾ, ഓപ്പൺ ജിം മുതലായവ നിർമിക്കുന്നതിനും വകയിരുത്തുന്നതിൽ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് തടസമില്ല എന്ന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈബ്രറികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് തദ്ദേശ സ്ഥാപനങ്ങൾ കളിസ്ഥലങ്ങൾ നിർമ്മിക്കുന്നത് വഴി പരസ്പര സഹകരണത്തോടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് പുറമേ, കൂടുതൽ ആളുകൾക്ക് ഒത്തുചേരാൻ കഴിയുന്ന കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളാക്കി ലൈബ്രറികളെ മാറ്റുന്നതിനും സഹായകരമാകും എന്നത് കണക്കിലെടുത്ത്, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്, ലൈബ്രറികളുടെ രേഖാമൂലമായ സമ്മതത്തിന്റെയും, കളിസ്ഥലത്തിൽ പൊതുജനങ്ങളുടെ ഉപയോഗം, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കളിസ്ഥലത്തിന്മേലുള്ള അധികാരം, ലഭ്യക്കുന്ന വരുമാനം പങ്കുവെയ്ക്കൽ, അറ്റകുറ്റപ്പണി തുടങ്ങി ആനുഷംഗികമായ സംഗതികളിലുള്ള കരാർ എന്നിവയുടെയും അടിസ്ഥാനത്തിൽ, സ്റ്റേഡിയം/കളിസ്ഥലം/ഓപ്പൺ ജിം/കളിയുപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപാധികളോടെ അനുമതി നൽകി ഉത്തരവാകുന്നു.

5. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായും ഇതിനായി പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. സ്റ്റേഡിയം/ കളിസ്ഥലം/ ഓപ്പൺ ജിം/ കളിയുപകരണങ്ങൾ എന്നിവയുടെ സുഗമമായ നടത്തിപ്പ് സ്റ്റേഡിയം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഗ്രാമപഞ്ചായത്ത് / നഗരഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, സെക്രട്ടറി, ലൈബ്രറിയുടെ പ്രസിഡന്റ്, സെക്രട്ടറി - എന്നിവർ അടങ്ങിയ ഒരു സംയുക്ത സമിതിയിൽ നിക്ഷിപ്തമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് ടൗൺ പ്ലാനർ
11. സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. സെക്രട്ടറി, കളരിപ്പറമ്പ് ഗ്രാമീണ വായനശാല, മതിലകം പി.ഒ., തൃശ്ശൂർ - 680685

14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാകളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
25. കായിക യുവജനക്ഷേമ വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 18-02-2025 14:27:06

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്